## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *205 — 14. 07. 2016 ൽ മറുപടിക്ക്

### ഊർജ്ജ ആഡിറ്റ്

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ
" കെ.മുരളീധരൻ
" സണ്ണി ജോസഫ്

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
( വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഊർജ്ജ ആഡിറ്റ് നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ എല്ലാ വൻകിട (HT/EHT) വൈദ്യുതി ഉപഭോക്താക്കൾക്കും ഊർജ്ജ ആഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിന് 33 എനർജി ആഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക ഇ.എം.സി യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന ഊർജ്ജ ആഡിറ്റ് റിപ്പോർട്ടുകൾ വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ ഊർജ്ജ ഉപഭോക്താവിന്റെ പ്രതിനിധി എനർജി ആഡിറ്റ് സ്ഥാപനത്തിന്റെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി അവലോകനം ചെയ്ത് റിപ്പോർട്ടിന്റെ നിലവാരം ഉയർത്താൻ ശ്രമിക്കുന്നു.<br>സംസ്ഥാനത്തെ HT/EHT ഊർജ്ജ ഉപഭോക്താക്കളായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഊർജ്ജ ആഡിറ്റിനായി 50% (പരമാവധി 50000 രൂപ) തുക നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2015-16 സാമ്പത്തിക വർഷത്തിൽ ചെറുകിട ഊർജ്ജ ഉപഭോക്താക്കളുടെ പ്രാഥമിക ഊർജ്ജ ആഡിറ്റ് നടത്തുന്നതിന് 10,000 രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ-ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിവരിക്കുമോ; | (ബി) ഊർജ്ജ ആഡിറ്റ് നടത്തുന്ന ഉപഭോക്താക്കളുടെ വിവിധതരം ഊർജ്ജ ഉപയോഗരീതി മനസ്സിലാക്കുക. ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, ഉപഭോക്താക്കളിൽ ഊർജ്ജസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം നൽകുക, ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, ഊർജ്ജ ഉപഭോഗം കുറയ്ക്കുക വഴി |

| | |
|---|---|
| (സി)ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞത്; വിശദീകരിക്കുമോ? | വ്യവസായ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.<br>(സി) കേരളത്തിലെ പല വ്യവസായ സ്ഥാപനങ്ങളിലെയും ഊർജ്ജ ഉപഭോഗം ഊർജ്ജ ആഡിറ്റ് വഴി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെല്ലാം തന്നെ തുടർ വർഷങ്ങളിൽ വീണ്ടും ഊർജ്ജ ചെലവ് കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ നടപ്പിൽ വരുത്താറുണ്ട്.<br>കഴിഞ്ഞ വർഷത്തെ കണക്കുകൾ പ്രകാരം ഊർജ്ജസംരക്ഷണ അവാർഡിന് അപേക്ഷിച്ച വ്യവസായ സ്ഥാപനങ്ങൾ 77 മില്യൻ യൂണിറ്റ് വൈദ്യുതിയും 9610 ടൺ ഇന്ധനവും, 209 ടൺ എൽ.പി.ജി യും ലാഭിക്കുകയുണ്ടായി. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എസ്കോട്ട് വിഭാഗം ഇതുവരെ പന്ത്രണ്ടോളം സ്ഥാപനങ്ങളിൽ ഊർജ്ജ ആഡിറ്റ് പൂർത്തികരിച്ച് ഊർജ്ജക്ഷമത കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. 4 സ്ഥാപനങ്ങളിൽ ഊർജ്ജ ആഡിറ്റ് പുരോഗമിച്ചുവരുന്നു.. |

സെക്ഷൻ ഓഫീസർ